# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം : 60** **10.03.2015 ൽ മറുപടിയ്ക്ക്**

## വൻകിട സൗരോർജ്ജ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>" കെ.ശിവദാസൻ നായർ<br>" പാലോട് രവി<br>" എം.എ.വാഹീദ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;വ്യക്തമാക്കുമോ; | (എ) ഉണ്ട്. പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിൽ 50 മെഗാവാട്ട്സിന്റെ സൗരോർജ്ജ പദ്ധതി വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. വൻകിട സോളാർ പദ്ധതികൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ട് സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി കരാറിൽ ഏർപ്പെട്ടിട്ടുമുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിൽ ഏകദേശം 1000 ഏക്കർ സ്ഥലത്ത് സൗരോർജ്ജ പാർക്ക് സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള സോളാർ എനർജി കോർപ്പറേഷനോട് K.S.E.B.L അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഘടകങ്ങൾ എന്തൊക്കെയാണ്;വിശദാംശങ്ങൾഎന്തെല്ലാം; | (ബി) കല്ലട ഗ്രാമപഞ്ചായത്തിലെ 50 മെഗാവാട്ട് പദ്ധതി എൻ.എച്ച്.പി.സി (NHPC) യാണ് വികസിപ്പിക്കുന്നത്. കേരളത്തിനകത്തും പുറത്തും പരിഗണനയിലുള്ള സോളാർ പാർക്കുകളിൽ നിന്നും ദീർഘകാല കരാറടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് വൈദ്യുതി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ കൈക്കൊള്ളുന്നതാണ്. |
| (സി) പദ്ധതിക്കുള്ള സാമ്പത്തിക സഹായം എങ്ങനെയാണ് കണ്ടെത്തുന്നത്;<br>വിശദമാക്കുമോ; | (സി) ഈ പദ്ധതികൾ നടപ്പിലാക്കുന്നത് എൻ.എച്ച്.പി.സി, എസ്.ഇ.സി.ഐ<br>എന്നിവ മുഖാന്തിരമായതിനാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് മൂലധനം മുടക്കേണ്ടി വരുന്നില്ല.<br>കല്ലട ഗ്രാമപഞ്ചായത്തും പദ്ധതി നടത്താൻ |

ഉദ്ദേശിക്കുന്ന സ്ഥലത്തെ ഭൂവുടമകളും സംയുക്തമായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പാട്ടത്തുകയ്ക്ക് നൽകുന്ന സ്ഥലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏറ്റെടുത്ത് എൻ.എച്ച്.പി.സിയ്ക്ക് നൽകുന്നതാണ്.

സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ (സെകി) യുമായി ഒപ്പു വച്ചിട്ടുള്ള ധാരണാപത്രം അനുസരിച്ച് ടേൺ കീ അടിസ്ഥാനത്തിൽ കേരളത്തിൽ വികസിപ്പിച്ചെടുക്കുന്ന പദ്ധതികൾക്ക് 'സെകി' ഒരു മധ്യവർത്തിയായി പ്രവർത്തിക്കുന്നതാണ്.

(ഡി) ഇതു സംബന്ധിച്ച് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിലെ 50 മെഗാവാട്ട് പദ്ധതിയ്ക്കുവേണ്ടി എൻ.എച്ച്.പി.സിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും 07.05.2014 ൽ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.

കേരളത്തിനകത്തും പുറത്തും വൻകിട സൗരോർജ്ജ പദ്ധതികൾ ആരംഭിക്കുന്നതിനായി സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി 18.02.2015 ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**